പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T3144 07.02.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) 2017-ലെ ഓർഡിനൻസ് നം.41/2017 പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 2,5,8,9,10,12,13,14,16,19,20,23,25,27 എന്നീ വകുപ്പുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) ഭേദഗതി നിയമത്തിൽ പഞ്ചായത്തുകൾക്ക് തരിശുനിലം ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഉടമയുടെ ഉടമസ്ഥാവകാശത്തിന് എന്ത് നടപടി കൈക്കൊള്ളും എന്നറിയിക്കാമോ; | (ബി) ഉടമസ്ഥാവകാശത്തിന് മാറ്റം വരുത്താതെ തന്നെ പഞ്ചായത്തുകൾക്ക് തരിശു നിലം ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) നിയമഭേദഗതി പ്രകാരം പ്രാദേശിക വികസന സമിതികളുടെ സ്ഥിതി എന്താകുമെന്ന് വ്യക്തമാക്കാമോ; | (സി) ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നെൽവയൽ തണ്ണീർത്തടങ്ങളായി നിലകൊള്ളുന്ന ഭൂമിയിൽ, പ്രാദശികതല നിരീക്ഷണ സമിതിയുടെ ചുമതല, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തത് പോലെ തന്നെ തുടരുന്നതാണ്. |
| (ഡി) 2008-നു മുൻപ് നികത്തിയ ഭൂമിയാണെന്ന് സർട്ടിഫൈ ചെയ്യേണ്ടത് ഏത് ഉദ്യോഗസ്ഥനാണ് എന്നറിയിക്കാമോ; പ്രസ്തുത ഭൂമി ക്രമപ്പെടുത്താൻ വ്യവസ്ഥകളിൽ എന്ത് മാറ്റമാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഡി) ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ കൃഷി ഓഫീസർ കൺവീനർ ആയിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതിയാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്.<br>2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് സെക്ഷൻ 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവൽക്കരിക്കുന്നതിന് കൃഷി ഓഫീസറിന് അപേക്ഷ നൽകേണ്ടതും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. ഇപ്രകാരം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് ന്യായ വിലയുടെ 50 ശതമാനം നിരക്കിൽ അപേക്ഷകൻ ഫീസ് അടയ്ക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**